## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 248 — 28 - 05-2019-ൽ മറുപടിക്ക്.

### സി-ഡിറ്റിനെ ഒഴിവാക്കിയ നടപടി

ചോദ്യം — മറുപടി

ശ്രീ. കെ.സി.ജോസഫ് — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ 2016 മെയ് 31 ന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) | സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സി-ഡിറ്റിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിവരസാങ്കേതികവിദ്യയുടെ പ്രയോഗവുമായി ബന്ധപ്പെട്ടതായതിനാൽ സർക്കാരിന്റെ ഏകോപനം മെച്ചപ്പെടുത്തുന്നതിനായി സി-ഡിറ്റിനെ ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പിന്റെ ഭരണച്ചുമതലയിലേക്ക് മാറ്റിയിട്ടുണ്ട്. വിവരസാങ്കേതിക വകുപ്പ് സെക്രട്ടറിക്ക് സി-ഡിറ്റ് ഡയറക്ടറുടെ ചുമതലയും നൽകിയിട്ടുണ്ട്. സർക്കാരിനകത്തും പുറമേയുമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി സി-ഡിറ്റിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്.<br>2. ഐ.ടി രംഗത്തും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി 2016-17ൽ 136 ലക്ഷം രൂപയും 2017-18ൽ 500 ലക്ഷം രൂപയും 2018-19ൽ 600 ലക്ഷം രൂപയും സി-ഡിറ്റിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുകൊണ്ട് സി-ഡിറ്റിലെ |

| | | | |
|---|---|---|---|
| | | | വീഡിയോ കമ്മ്യൂണിക്കേഷൻ സ്റ്റുഡിയോ ഉപകരണങ്ങളുടെ നവീകരണം, ആധുനിക മീഡിയാ അസെറ്റ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ, വീഡിയോ ലൈവ് സ്ട്രീമിംഗ് ഉപകരണങ്ങളും, നെറ്റ് വർക്കിംഗ് ടെസ്റ്റിംഗിനുള്ള ഉപകരണങ്ങളും വാങ്ങലും സാങ്കേതിക ജീവനക്കാരുടെ പരിശീലനവും, ഡിജിറ്റൈസേഷൻ ജോലികൾക്കായി ആധുനിക സ്കാനറുകൾ സ്ഥാപിക്കൽ തുടങ്ങിയവ നിർവഹിച്ചിട്ടുണ്ട്.<br>3. സി-ഡിറ്റിലെ സാങ്കേതികവിദഗ്ധരുടെയും മറ്റ് ജീവനക്കാരുടെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനപരിപാടികൾ സംഘടിപ്പിച്ചു.<br>4. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, സൈബർസെക്യൂരിറ്റി, ബിഗ് ഡേറ്റാ അനാലിസിസ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഈ മേഖലകളിലെ പ്രമുഖ കമ്പനികളുമായുള്ള സാങ്കേതികവിദ്യാ സഹകരണത്തിന് സി-ഡിറ്റ് നടപടി സ്വീകരിച്ചു.<br>5. സി-ഡിറ്റിലെ ജീവനക്കാരുടെ സംസ്ഥാന സ്കെയിലിലുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2016ന് മുൻപ് സി-ഡിറ്റ് പ്രവൃത്തി ചെയ്തിരുന്ന മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടൽ, സി.എം.ഡി.ആർ.എഫ്, മുഖ്യമന്ത്രിയുടെ നാം മുന്നോട്ട് എന്നീ പദ്ധതികളിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കിയിട്ടുണ്ടോ ; | (ബി) യും (സി) യും | സി.എം.ഒ പോർട്ടൽ, സി.എം.ഡി.ആർ.എഫ് എന്നിവ സി-ഡിറ്റ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നാം മുന്നോട്ട് പ്രതിവാര ടെലിവിഷൻ പരിപാടിയുടെ ചുമതല വിവര-പൊതുജന സമ്പർക്ക വകുപ്പിനാണ്. പരിപാടിയുടെ സാങ്കേതിക സഹായം സി-ഡിറ്റാണ് നിർവ്വഹിച്ചു വരുന്നത്. സി-ഡിറ്റ് ഷൂട്ടിംഗ് നിർവ്വഹിക്കുന്ന കേരള സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ തൽസമയ സംപ്രേഷണം എല്ലാ ദിവസവും ഉള്ളതിനാൽ നാം മുന്നോട്ട് പരിപാടിയുടെ ഷൂട്ടിംഗ് അതിഥികൾക്ക് കൂടി സൗകര്യപ്രദമായ സമയത്ത് സി-ഡിറ്റ് മുഖാന്തിരം നടത്തുന്നതിന് അസൗകര്യം നേരിട്ട സാഹചര്യത്തിൽ നഗര പരിധിയിൽ നിശ്ചിത സൗകര്യങ്ങൾ ഉള്ള പ്രൊഡക്ഷൻ ഹൗസുകൾ, ടെലിവിഷൻ ചാനലുകൾ എന്നിവയിൽ നിന്നും പത്രപരസ്യത്തിലൂടെ താത്പര്യപത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) | നാം മുന്നോട്ട് പരിപാടിയുടെ നിർവ്വഹണ ചുമതല ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന്അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ